

# ലിറ്റിൽ കൈറ്റ്സ്

## "വാല്മീകം"

### 2023-2024



# ആമുഖം

ആധുനിക ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ നൂതനമായ പഠനകാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഒട്ടും വിരസതയില്ലാത്തതും ആകർഷണീയവും ആസ്വാദ്യകരവും രസകരവുമായ പഠനാനുഭവങ്ങളാണ് ഓൺലൈൻ വഴി കുട്ടികൾക്ക് ലഭിക്കുന്നത്. കുരുന്നുകളിൽ ഒളിഞ്ഞിരിക്കുന്ന നിരവധി സർഗവാസനകളെ കോർത്തിണക്കി തയ്യാറക്കിയ "വാല്മീകം" ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

കെ എസ് ജയ
ഹെഡ്മിസ്ട്രസ്
ഇടമൺ എച് എസ്

# ആശംസകൾ



ഈ മാഗസിന് കുട്ടികളുടെ
സർഗ്ഗാത്മകമായ കഴിവുകൾ
പ്രോത്സാഹിപ്പിക്കുവാൻ കഴിയട്ടെ
എന്ന് ഹൃദയപൂർവം
ആശംസിക്കുന്നു...

സ്നേഹപൂർവ്വം
**ജോബി ലൂക്ക്**
**അധ്യാപകൻ** (സീനിയർ അസിസ്റ്റന്റ്)
**ഇടമൺ എച്ച് എസ്**

# പഴഞ്ചൊല്ലുകൾ

പരമ്പരാഗതമായ ആശയ അഭിവ്യഞ്ജനത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ രൂപമാണ് പഴഞ്ചൊല്ലുകൾ. ഒരു ജനസമുദായത്തിൽ പണ്ടേക്കുപണ്ടേ പലരും പറഞ്ഞു പഴക്കം സിദ്ധിച്ചിട്ടുള്ള ചൊല്ലുകൾ എന്നാണിവാക്ക് അർത്ഥം കല്പിച്ചിരിക്കുന്നത്. ഗ്രാമീണ ജനതയുടെ സാമൂഹികവും ബൗദ്ധികവുമായ വളർച്ചയിൽ ഇവ പങ്കുവഹിച്ചിട്ടുണ്ട്. പഴഞ്ചൊല്ലുകൾ അവയുണ്ടായ കാലത്തെ ആത്മാവും ഹൃദയവും പ്രതിഫലിപ്പിക്കുന്നു.

1. ഒരു ജനസമൂഹത്തിൽ പണ്ടേക്കു പണ്ടേ പലരും പറഞ്ഞു പറഞ്ഞു പരന്നു പഴക്കം വന്നിട്ടുള്ള ചൊല്ല്
2. പലരുടെ ജ്ഞാനവും ഒരാളുടെ ബുദ്ധിയുമാണ് പഴമൊഴി .
3. പഴയ തത്ത്വശാസ്ത്രത്തിന്റെ ഏറ്റവും സത്യമായ അവശിഷ്ടങ്ങളാണ് പഴഞ്ചൊല്ലുകൾ.

5. ഒരു രാഷ്ട്രത്തിന്റെ വിജ്ഞാനവും വിനോദവും ആത്മാവും അവിടത്തെ പഴഞ്ചൊല്ലുകളിൽആവിഷ്കരിക്കപ്പെടുന്നു.
6. പഴഞ്ചൊല്ലുകൾ അവ ഉണ്ടായ കാലത്തെ മനുഷ്യരുടെ ആത്മാവും ഹൃദയവുംപ്രതിഫലിപ്പിക്കും.

# കൃഷ്ണനാട്ടത്തിന്റെ തനിമ

കൃഷ്ണനാട്ടത്തിലെ സംഗീതം സാമവേദാലാപനത്തെയും കൂടിയാട്ടത്തിൽ ചാക്യാരുടെ സ്വരിക്കലിനെയും അനുസ്മരിച്ചുകൊണ്ടാണ് ഉണ്ടായിട്ടുള്ളതെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. പക്ഷേ ഗുരുവായൂർ മതിൽക്കകത്ത് കേൾക്കാൻ കഴിയുന്നത് കഥകളിസംഗീതമാണ്. കൂടുതൽ ജനപ്രീതി നേടാൻ വേണ്ടിയുള്ള ഈ പരിഷ്കരണത്തോട് കൃഷ്ണനാട്ടത്തിന്റെ തനിമ കാത്തുസൂക്ഷിക്കണമെന്ന് അഭിപ്രായമുള്ളവർക്ക് വിയോജിപ്പാണുള്ളത്. കേരളത്തിലെ സോപാനസംഗീതമാർഗ്ഗമാണ് കൃഷ്ണനാട്ടത്തിൻറേതെന്ന് അവർ അഭിപ്രായപ്പെടുന്നു. ശുദ്ധമദ്ദളവും തൊപ്പിമദ്ദളവും ഇലത്താളവും ചേങ്ങലയും ചേർന്നുള്ള താളപ്രയോഗം കൃഷ്ണനാട്ടത്തിനു കൊഴുപ്പുകൂട്ടുന്നു. കഥകളിയിലെപ്പോലെ കൃഷ്ണനാട്ടത്തിൽ പാട്ട് ആവർത്തിച്ച് പാടാറില്ല. പദംപ്രതിയുള്ള അഭിനയം കൃഷ്ണനാട്ടത്തിൽ ആവശ്യമില്ലാത്തതുകൊണ്ടുകൂടിയാകാമിത്. കൃഷ്ണനാട്ടത്തിൽ പാട്ട് പുറകിലായതും നടന് നൃത്തം ചെയ്യാൻ കൂടുതൽ സന്ദർഭവും സൗകര്യവും കൊടുക്കാൻ കൂടിയാകാം.




1. അമ്മയെ കുത്തി മകൻ മരിച്ചു. ?

**ഉത്തരം :- തീപ്പെട്ടി**

2. മുറ്റത്തുണ്ടൊരു പോലീസേതോ കളവുതേടി നടക്കുന്നു.?

**ഉത്തരം :- കോഴി**

3. അടുക്കളയിലെ അമ്മായി അമ്മ. ?

**ഉത്തരം :- പൂച്ച**

4. ആശാരി മൂശാരി തൊടാത്ത തടി വെള്ളത്തിലിട്ടാൽ ചീയാത്ത തടി. ?

**ഉത്തരം: - ചീങ്കണ്ണി**

5. ആയിരം കടലോടി വരുന്ന ചെങ്കുപ്പായക്കാരൻ ക്രനന്റെ പേരെന്ത് ?

**ഉത്തരം :- ചെമ്മീൻ**

6. പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ ?

**ഉത്തരം :- കണ്ണ്**

7. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ ?

**ഉത്തരം :- നക്ഷത്രങ്ങൾ**

8. വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം ?

**ഉത്തരം :- മദ്ദളം**

9. വായില്ലാ ഭരണിയിൽ രണ്ടച്ചാർ ?

**ഉത്തരം :- മുട്ട്**

10. വായില്ലാത്തവൻ കഞ്ഞികുടിച്ചു ?

**ഉത്തരം :- മുണ്ട്**

# പഴഞ്ചൊല്ലുകൾ

•തലവിധി, തൈലം കൊണ്ട് മാറില്ല
•കോൽകാരന് അധികാരിപ്പണി
•ചുട്ട ചട്ടി അറിയുമോ അപ്പത്തിൻറെ സ്വാദ്
•പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല
•ഇരിക്കുന്നതിന് മുൻപ് കാലു നീട്ടരുത്
•അടിതെറ്റിയാൽ ആനയും വീഴും
•ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം
•വിത്താഴം ചെന്നാൽ പത്തായം നിറയും
•മുളയിലറിയാം വിള
•ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടാൻ പറ്റില്ല
•ക്രൂറ്റൻ മരവും കാറ്റത്തിളകും
•സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തുകാലത്ത് കാ
തിന്നാം
•മിന്നുന്നതെല്ലാം പൊന്നല്ല
•ആനവായിൽ അമ്പഴങ്ങ
•രാജ്ഞാവിനില്ലാത്ത രാജഭക്തി
•നല്ലവന് നാട് ബന്ധു
•അങ്ങാടിയിൽ തോറ്റതിനു അമ്മയോട്
•മുല്ലപ്പൂമ്പൊടിയേറ്റ് കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം

## നക്ഷത്രം

ഉയർന്ന തിളക്കത്തോടെയുള്ള പ്ലാസ്മ ഗുരുത്വബലത്താൽ ചേർന്നുള്ള ഭീമൻ ഗോളമാണ് നക്ഷത്രം അഥവാ വാനമീൻ.ജീവിതാന്ത്യത്തോടെ അതിന്റെ ദ്രവ്യത്തിന്റെ ഒരു ഭാഗം അപഭ്രംശ ദ്രവ്യമായിട്ടുണ്ടാകും. ഭൂമിയോട് ഏറ്റവും അടുത്ത് കിടക്കുന്ന നക്ഷത്രമാണ് സൂര്യൻ, ഭൂമിയിലെ ഭൂരിഭാഗം ഊർജ്ജത്തിന്റേയും ഉറവിടം സൂര്യനാണ്. സൂര്യന്റെ അസാന്നിദ്ധ്യമുള്ള രാത്രിയിൽ മറ്റ് അന്തരീക്ഷ പ്രതിഭാസങ്ങൾ തടസ്സമാകാതെ വരുമ്പോൾ നക്ഷത്രങ്ങൾ ദൃശ്യമാകുന്നു. ചരിത്രപരമായി ഖഗോളത്തിൽ കാണപ്പെടുന്ന പ്രധാന നക്ഷത്രങ്ങളെ ചേർത്ത് ചില രൂപങ്ങൾ കല്പിക്കുകയും രാശികളായി തിരിക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ജന്മനക്ഷത്രങ്ങളായി ഇവയെ ഗണിക്കപ്പെടുകയും ചെയ്യുന്നു. അവയിൽ പ്രധാനപ്പെട്ട നക്ഷത്രങ്ങൾക്ക് പ്രത്യേകം നാമങ്ങൾ നൽകപ്പെടുകയും ചെയ്തു. വിവിധ ജ്യോതിശാസ്ത്രജ്ഞർ പല തരത്തിലുള്ള നക്ഷത്ര കാറ്റലോഗുകൾ തയ്യാറാക്കിയിട്ടുണ്ട്. അവയുപയോഗിച്ച് ഓരോ നക്ഷത്രത്തിന്റെയും കൃത്യമായ സ്ഥാനം മനസ്സിലാക്കാം.

# സൂര്യൻ

സൂര്യനെചുറ്റുന്ന എട്ട് ഗ്രഹങ്ങളിൽ സൂര്യനിൽനിന്നും മൂന്നാമതായി സ്ഥിതിചെയ്യുന്ന ഗ്രഹമാണ് ഭൂമി. (ചിഹ്നം: ⊕.) ലോകം എന്നു നാം വിവക്ഷിക്കുന്നതും ലാറ്റിൻ ഭാഷയിൽ ടെറ എന്നറിയപ്പെടുന്നതും ഭൂമിയെയാണ്. ഗ്രഹങ്ങളിൽ വലിപ്പത്തിൽ അഞ്ചാം സ്ഥാനമാണ് ഭൂമിക്ക്. കൂടാതെ സൗരയൂഥത്തിലെ ഏറ്റവും സാന്ദ്രത കൂടിയ ഗ്രഹവുമാണിത്. 71% ഉം വെള്ളത്താൽ ചുറ്റപ്പെട്ട ഗ്രഹമായതിനാൽ ഗഗനഗഹനതകളിൽനിന്ന് കാണുമ്പോൾ ഭൂമിയുടെ നിറം നീലയായി കാണപ്പെടുന്നതുകൊണ്ട് ഇതിനെ നീലഗ്രഹം എന്നും വിശേഷിപ്പിക്കാറുണ്ട്. ലോഹങ്ങളും പാറകളും കൊണ്ട് രൂപപ്പെട്ടിരിക്കുന്ന ഗ്രഹങ്ങളുടെ (Terrestrial Planets) ഗണത്തിലാണ് ഭൂമി ഉൾപ്പെടുന്നത്. ഭൂമിയുടെ പ്രായം 454 കോടി വർഷമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

<u>എൻ്റെ വിദ്യാലയം</u>



ഞാൻ ആദ്യമായി എൻ്റെ സ്ക്രൂളിൻ്റെ ഉമ്മറപ്പടി കടന്ന ദിവസം ഞാൻ ഓർക്കുന്നു. എനിക്ക് ഭയങ്കരമായ ഒന്നും സംഭവിച്ചില്ല, ആരും എന്നെ ആക്രമിച്ചില്ല. പൊതുവേ, സ്ക്രൂൾ ജീവിതത്തിൽ ഒഴിവാക്കാനാകാത്ത ചില പ്രശ്നങ്ങൾ ഉണ്ടായിരുന്നിട്ടും ഈ സ്ക്രൂളിലെ എൻ്റെ യാത്ര മികച്ചതാണ് - ഭാവിയിൽ അവ ഒഴിവാക്കാൻ നിങ്ങൾക്ക് പഠിക്കാം. രസകരമായ ആളുകളെ കണ്ടുമുട്ടുക, ജീവിതത്തിനായി സുഹൃത്തുക്കളെ ഉണ്ടാക്കുക, പുതിയ താൽപ്പര്യങ്ങൾ കണ്ടെത്തുക എന്നിവ കാരണം സ്ക്രൂളിൽ ചെലവഴിച്ച എൻ്റെ സമയം ഏറ്റവും മൂല്യവത്തായ ജീവിതാനുഭവമായി ഞാൻ കരുതുന്നു. ആത്മവിശ്വാസവും ഉത്തരവാദിത്തവും അറിവും ഉള്ളവനാകാൻ എൻ്റെ സ്ക്രൂൾ എന്നെ സഹായിച്ചു. ഇത് നിരവധി വിദ്യാർത്ഥികളെ ആവശ്യമായ ജീവിതപാഠങ്ങൾ കൊണ്ട് സജ്ജരാക്കുകയും മുമ്പെങ്ങുമില്ലാത്തവിധം ജീവിതം അനുഭവിക്കുന്ന പാതയിലേക്ക് അവരെ സജ്ജമാക്കുകയും ചെയ്യുമെന്ന് എനിക്ക് ഉറപ്പുണ്ട്. മാത്രമല്ല, ഒരു ദിവസം ഈ വിലയേറിയ അനുഭവം പ്രതിഫലദായകമായ ഒരു പ്രൊഫഷണൽ ജീവിതം കണ്ടെത്താൻ എന്നെ സഹായിക്കും.

ഇതിലും മികച്ച മറ്റൊരു വിദ്യാലയം എനിക്കില്ല. എൻ്റെ സ്ക്രൂൾ എന്നെ വികസിപ്പിക്കാൻ സഹായിക്കുന്ന കഴിവുകളും കഴിവുകളും വളരെയധികം ബാധിക്കുന്ന എൻ്റെ നേട്ടങ്ങളിൽ എനിക്ക് അഭിമാനം തോന്നുന്നു



1.സൈലൻറ് വാലിയിലൂടെ ഒഴുകുന്ന നദി?

കുന്തിപ്പുഴ

2.രാസവസ്തുക്കളുടെ രാജാവ് എന്ന പേരിൽ അറിയപ്പെടുന്നത്?

സൾഫ്യൂരിക് ആസിഡ്

3.ഇന്ത്യയുടെ ആദ്യ തദ്ദേശീയ റഡാർ ഇമേജിങ് ഉപഗ്രഹം ഏത്?

റിസാറ്റ് വൺ

4.ഏതു വർഷമാണ് ഇന്ത്യൻ രൂപയുടെ ചിഹ്നം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടത്?

2010

5. ആരുടെ ആത്മകഥയാണ് കുമ്പസാരങ്ങൾ?

റൂസ്സോ

6. ചരിത്രപ്രസിദ്ധമായ കയ്യൂർ സമരം ഏത് വർഷമായിരുന്നു?

1941

7.ഇന്ത്യയിലെ ഏറ്റവും വലിയ കണ്ടൽക്കാടുകൾ ഒരു കടുവ സംരക്ഷണ കേന്ദ്രം കൂടിയാണ്.

ഇത് ഏത് സംസ്ഥാനത്താണ് കാണപ്പെടുന്നത്?

പശ്ചിമബംഗാൾ

8. ഒളിമ്പിക്സ് ചിഹ്നത്തിലെ അഞ്ചു വളയങ്ങളിൽ നീല വളയം ഏത് ഭൂഖണ്ഡത്തെ സൂചിപ്പിക്കുന്നു?

യൂറോപ്പ്

9. ബംഗ്ലാദേശിലെ ദേശീയ കായിക വിനോദം ഏത്?

കബഡി

10. ബ്ലാക്ക് പഗോഡ എന്നറിയപ്പെടുന്ന സൂര്യ ക്ഷേത്രം സ്ഥിതി ചെയ്യുന്നത് എവിടെ?

ഒഡീസ

**11.1936 നവംബർ 12 ന് ചരിത്ര പ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി ആര്?**

**ശ്രീ ചിത്തിര തിരുനാൾ**

**12. പ്രത്യുല്പാദന വ്യവസ്ഥയുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ വിറ്റാമിൻ ഏത്?**

**വിറ്റാമിൻ ഇ**

**13. കാനിസ് ഫമിലിയാരിസ് ഏത് ജീവിയുടെ ശാസ്ത്രീയനാമമാണ്?**

**നായ**

**14.2007 ൽ അടൂർ ഗോപാലകൃഷ്ണന് മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് നേടിക്കൊടുത്ത ചിത്രം ഏത്?***

**നാലു പെണ്ണുങ്ങൾ(2017 ജയരാജ്ചിത്രം ഭയാനകം.)**

**15. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഗവർണർ ആര്?***

**ശക്തികാന്ത ദാസ്**

**16. കേന്ദ്ര നാഡീ വ്യവസ്ഥയിലെ ന്യൂറോണുകൾ നശിക്കുന്നത് മൂലമോ സെറിബ്രൽ കോർട്ടെക്സ് പ്രവർത്തനം തകരാറിലാകുന്ന മൂലമോ ഉണ്ടാകുന്ന രോഗമാണ്?**

**അൽഷിമേഴ്സ്**

**17. പ്രപഞ്ചത്തിന്റെ കൊളംബസ് എന്നറിയപ്പെടുന്ന ബഹിരാകാശ സഞ്ചാരി ആര്?**

**യൂറി ഗഗാറിൻ**

**18. ശെന്തുരുണി വന്യജീവി സങ്കേതം ഏത് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്?**

**കൊല്ലം**

**19. ഏറ്റവും അധികം തവണ ഏഷ്യൻ ഗെയിംസിന് വേദിയായ നഗരം ഏത്?**

**ബാങ്കോക്ക്**

**20." ജയ ജയ കോമള കേരള ധരണി ജയ ജയ മാമക പൂജിത ജനനി" എന്ന് തുടങ്ങുന്ന ഗാനം രചിച്ചത്?**

**ബോധേശ്വരൻ**

## തേൻമൊഴിയും തെന്മല





കൊല്ലം ജില്ലയിലെ_കിഴക്കുഭാഗത്തുള്ള പ്രകൃതി രമണീയമായ ഒരു മലയോര ഗ്രാമപ്രദേശം. ഇത് സഹ്യപർവതത്തിന്റെ പടിഞ്ഞാറേ അരികിൽ സ്ഥിതിചെയ്യുന്നു. ഇന്ത്യയിലെ ആദ്യ ഇക്കോ ടൂറിസം പദ്ധതി ആണ് ഇത്. സാന്ദ്രഹരിതമായ സസ്യപ്രകൃതിയും ജൈവവൈവിധ്യവും തെന്മലയുടെ സവിശേഷതകളാണ്. മലനിരകളും പുഴകളും അരുവികളും നിറഞ്ഞതാണ് ഭൂപ്രകൃതി. കേരളത്തിലെ ഏറ്റവും വലിയ ജലസേചന പദ്ധതിയായ കല്ലട പദ്ധതിയും ചെന്തുരുണി (ശെന്തുരുണി) വന്യമൃഗസംരക്ഷണകേന്ദ്രവും ഇവിടെ സ്ഥിതിചെയ്യുന്നു.

മൺമറഞ്ഞ ശിലായുഗ സംസ്കാരത്തിന്റെ നിരവധി ചരിത്രാവശിഷ്ടങ്ങൾ തെന്മലയിൽ കണ്ടെത്തിയിട്ടുണ്ട്. **കല്ലട_ ജലസേചന പദ്ധതിയുടെ** വലതുകനാൽമേഖലയിൽനിന്നു ലഭിച്ച പുരാതന **ഗൃഹോപകരണങ്ങൾ** പ്രത്യേക ചരിത്രപ്രാധാന്യമർഹിക്കുന്നു. പാണ്ഡ്യ രാജാക്കന്മാരുടെ ഭരണകാലത്തു നിർമിച്ച മാമ്പഴത്തറ ക്ഷേത്രം തെന്മലയിലെ പുരാതന ആരാധനാലയം എന്നതിനൊപ്പം ചരിത്രപരമായ പ്രസിദ്ധിയും പേറുന്നു.

ഭൂപ്രകൃതിയനുസരിച്ച് **മലനാട്** ഭൂവിഭാഗത്തിൽ ഉൾപ്പെട്ട തെന്മലയിൽ 75 മീ. മുതൽ 900 മീ. വരെ ഉയരമുള്ള **കുന്നുകളും മലകളും** കാണാം. **സഹ്യാദ്രിശൃംഗങ്ങളിൽ** ഒന്നായ നെടുംപാറ സ്ഥിതിചെയ്യുന്നത് ഒറ്റക്കല്ലിനും നാഗമലയ്ക്കും മധ്യേയാണ്. **പശ്ചിമഘട്ട** മലനിരകളിൽനിന്ന് ഉദ്ഭവിക്കുന്ന **കഴുതുരുട്ടിയാറ്**, **ചെന്തുരുണിയാറ്**, **കുളത്തൂപ്പുഴയാറ്** എന്നിവ സംഗമിച്ച് കല്ലടയാറായി പടിഞ്ഞാറോട്ടൊഴുകി **അഷ്ടമുടിക്കായലിൽ** പതിക്കുന്നു. ഏകദേശം 31.5 കി.മീ. ദൈർഘ്യത്തിൽ കല്ലടയാറ് തെന്മലയിലൂടെ കടന്നുപോകുന്നു. പഞ്ചായത്തിലെ എല്ലാ അരുവികളും തോടുകളും കല്ലടയാറിലേക്കാണ് പ്രവഹിക്കുന്നത്.

## തെന്മല ഇക്കോട്ടൂറിസം.






തെന്മല ഇക്കോട്ടൂറിസം പദ്ധതി ഈ പ്രദേശത്തിന് ഇന്ത്യൻ വിനോദസഞ്ചാര ഭൂപടത്തിൽ സുപ്രധാനവും സവിശേഷവുമായ സ്ഥാനം നേടിക്കൊടുത്തു. ഭൂമിയോടും പ്രകൃതിയോടും പ്രതിബദ്ധത പുലർത്തുന്നതാണ് ഇക്കോട്ടൂറിസം. പ്രകൃതിയിലധിഷ്ഠിതമായിരിക്കുക, വിദ്യാഭ്യാസമൂല്യമുള്ളതായിരിക്കുക, പരിസ്ഥിതിക്ക് കോട്ടം തട്ടാത്തതായിരിക്കുക, തദ്ദേശവാസികൾക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുന്നതായിരിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കിയ ഈ ഇക്കോട്ടൂറിസം പദ്ധതി തെന്മലയിലേക്ക് നിരവധി സഞ്ചാരികളെ ആകർഷിച്ചുവരുന്നു. ഇവിടെ ഇക്കോട്ടൂറിസം, ഇക്കോഫ്രണ്ട്ലി ജനറൽ ടൂറിസം, പിൽഗ്രിമേജ് ടൂറിസം എന്നീ മൂന്ന് വിഭാഗങ്ങളിലായുള്ള സന്ദർശന പദ്ധതികളുണ്ട്.

ഇക്കോട്ടൂറിസത്തിൽ പ്രധാനമായും [ട്രക്കിങ്]] ആണ് ഉൾപ്പെടുന്നത്. തെന്മലയിൽനിന്ന് രണ്ടുമണിക്കൂർ സമയംകൊണ്ട് പൂർത്തിയാക്കാവുന്ന 'സോഫ്റ്റ് ട്രക്കിങ്' മുതൽ മൂന്നുദിവസംകൊണ്ട് പൂർത്തിയാക്കാവുന്ന ചെന്തുരുണി വന്യമൃഗസംരക്ഷണകേന്ദ്ര കാൽനടയാത്ര വരെ ഇതിലുൾപ്പെടുന്നു. തെന്മലയിൽനിന്ന് 17 കി.മീ. അകലെയുള്ള പാലരുവി വെള്ളച്ചാട്ടം വരെയുള്ള കാൽനടയാത്രയാണ് മറ്റൊരു സന്ദർശന പരിപാടി.

ഇക്കോഫ്രണ്ട്ലി ജനറൽ ടൂറിസം പദ്ധതി തെന്മലയിൽമാത്രം കേന്ദ്രീകരിച്ചുള്ളതാണ്. ഇതിലെ ഒരു വിഭാഗം തെന്മലയിലുള്ള ഇക്കോട്ടൂറിസം ഫെസിലിറ്റേഷൻ സെന്ററിലെ പരിപാടികളാണ്. ഇതിൽ ആംഫി തിയെറ്റർ, ഷോപ്പ് കോർട്ട്സ്, റസ്റ്റോറന്റ്, മ്യൂസിക്കൽ ഡാൻസിങ് ഫൗണ്ടൻ എന്നിവയുണ്ട്.

മലഞ്ചരിവിലൂടെയുള്ള നടപ്പാതകൾ, കാട്ടിലൂടെയുള്ള ചെറുപാതകൾ, മരക്കൊമ്പുകളെ തൊട്ടുനടക്കാനാവുംവിധം ഉയർത്തിക്കെട്ടിയ നടപ്പാത, തൂക്കുപാലം, മരക്കൊമ്പുകളിലുള്ള കൂടാരങ്ങൾ, ശില്പോദ്യാനം, മാൻ പാർക്ക് എന്നിവയടങ്ങുന്നതാണ് തെന്മലയിലെ മറ്റൊരു 'ഇക്കോഫ്രണ്ട്ലി' വിഭാഗം.

സാഹസിക ടൂറിസത്തിനുള്ള സൗകര്യങ്ങളും ഇക്കോട്ടൂറിസം പദ്ധതിയുടെ ഭാഗമായുണ്ട്. നേച്ചർ ട്രെയിൻ, താമരക്കുളം, മൌണ്ടൻ ബൈക്കിങ്, റോക്ക് ക്ലൈംബിങ്, റാപ്പലിങ്, റിവർ ക്രോസിങ് തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

തെന്മലയിൽനിന്ന് കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ എന്നിവിടങ്ങളിലേക്കുള്ള തീർഥാടനസൗകര്യമൊരുക്കുന്ന ഇക്കോട്ടൂറിസം പദ്ധതിയാണ് 'പിൽഗ്രിമേജ്' വിഭാഗത്തിലുള്ളത്. തെന്മല ഇക്കോട്ടൂറിസം പ്രൊമോഷൻ സൊസൈറ്റിയാണ് ഇക്കോട്ടൂറിസം പദ്ധതിയുടെ മേൽനോട്ടം നടത്തുന്നത്.

**ദിനാചരണങ്ങൾ ........**

## പരിസ്ഥിതി ദിനം







യുദ്ധവും സമാധാനവും





**നീലാകാശത്തിൽ സമാധാനത്തിന്റെ വെള്ള ബലൂണുകൾ പറത്തികൊണ്ട് ഹിരോഷിമ നാഗസാക്കി ദിനം**

**കലാ ജ്യോതി, ഞാനും**

ഞങ്ങളുടെ സ്കൂളിൽ പ്രവർത്തിച്ചു വരുന്ന കലാ ജ്യോതി റേഡിയോ ക്ലബിന്റ ഭാഗമായി തിരുവനന്തപുരം ആകാവാണി നിലയത്തിൽ ഡിസംബർ 10-ാം തീയതി രാവിലെ 11 മണിക്ക് ബാലലോകം പരിപാടി അവതരിപ്പിക്കാൻ ഭാഗ്യം ലഭിച്ചു.







# സാംസ്കാരിക സദസ്


EDAMON
HS & VHSS
EDAMON P.O., PUNALUR
2023 റവന്യൂ
ജില്ലാ സ്കൂൾ
യുവജനോത്സവം
തിരുവാതിര
A GRADE
നാടൻപാട്ട്
A GRADE
വഞ്ചിപ്പാട്ട്
A GRADE
അഭിനന്ദനങ്ങൾ





EDAMON HS & VHSS
EDAMON
Email: 40047ehsplr@gmail.com
വിദ്യാരംഗം
കലാസാഹിത്യവേദി 2023
ഉദ്ഘാടനം
2023 ജൂൺ
27
ചൊവ്വാഴ്ച
രാവിലെ
10 മണിക്ക്
ഉദ്ഘാടനം
കുരീപ്പുഴ ശ്രീകുമാർ
സാന്നിദ്ധ്യം:
ശ്രീ.എച്ച്. നിഷാദ്
എച്ച്. ബനീസാബീവി
(പ്രിൻസിപ്പൽ) 9497619197
കെ.എസ്.ജയ
(ഹെഡ്മിസ്ട്രസ്) 9495097368








# വാതിൽപ്പുറ ചിത്രീകരണങ്ങൾ



അലൻ 9C




അനൂപ് - 9A




കണ്ണൻ- 10 C




സുഫിയാൻ 10-B




ശരൺ 8 A




അലൻ 10A

Edamon hs

സർഗ്ഗാത്മക സൃഷ്ടികളിലൂടെ

ഓരോതാളുകൾക്കും  നിറവും മണവും നൽകി

സമ്പുഷ്ടമാക്കിയ എല്ലാ കുരുന്നുകൾക്കും ........

*അഭിനന്ദനങ്ങൾ*